# ആമുഖം

വിദ്യാലയത്തെ 100% അക്കാദമിക മികവിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനായി എസ്.ആർ.ജി യിൽ ചർച്ച നടത്തി. ഓരോ അദ്ധ്യാപകരും കുട്ടികളെ സൂക്ഷ്മനിരീക്ഷണം നടത്തിയ 'എന്റെ കുട്ടികൾ' ചർച്ചയിൽ അവതരിപ്പിച്ചു. ഇതിന്റെ അടിസ്ഥാനത്തിലും കഴിഞ്ഞ വർഷത്തെ സമഗ്ര ഗുണമേന്മാ പദ്ധതിയുടെ പ്രവർത്തനങ്ങളുടെയും അവധിക്കാല ക്ലാസുകളുടെയും അടിസ്ഥാനത്തിലും കുട്ടികളുടെ നിലവാരം മനസ്സിലാക്കി ചോദ്യാവലി തയ്യാറാക്കി സി.പി.ടി.എ യിൽ രക്ഷിതാക്കൾക്ക് കൊടുക്കാൻ തീരുമാനിച്ചു. സി.പി.ടി.എ യിൽ അക്കാദമിക മാസ്റ്റർ പ്ലാനിനെക്കുറിച്ച് വിശദീകരിക്കുകയും ഫോർമാറ്റ് നൽകുകയും ചെയ്തു. നിശ്ചിത തിയതിക്കകം തന്നെ ഫോർമാറ്റ് തിരിച്ച് വാങ്ങി.

രക്ഷിതാക്കളുടെ അഭിപ്രായങ്ങൾ മാനിച്ചുകൊണ്ടും അധ്യാപകരുടെ തീരുമാനങ്ങളും ചേർത്ത് കുട്ടികളുടെ പ്രശ്നങ്ങൾ മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ഓരോ വിഷയത്തിലും കുട്ടി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ തരണം ചെയ്ത് ഓരോ കുട്ടിയെയും അക്കാദമിക മികവിലേക്ക് എത്തിക്കുന്നതിന്

കാലാകാലങ്ങളായി ശക്തമായ പി.ടി.എ ഈ സ്കൂളിന്റെ പുരോഗതിക്ക് അഭിവാജ്യഘടകമായി പ്രവർത്തിച്ചിട്ടുണ്ട്. ഇപ്പോഴും ഇത് തുടരുന്നു. ഇപ്പോഴത്തെ മാനേജരായ ശ്രീ. ഉസ്മാൻഹാജി പഴയ സ്കൂൾ കെട്ടിടം മാറ്റി സൗകര്യപ്രദമായ നിലയിൽ പുതിയ കെട്ടിടം നിർമ്മിച്ചു.

മുൻപ് സ്കൂളിലേക്കുള്ള വഴി നടവഴി ആയിരുന്നു. നാട്ടുകാരുടെ സഹായത്തോടെ പഞ്ചായത്ത് റോഡ് നിർമ്മിച്ചത് സ്കൂളിന് വളരെ സൗകര്യപ്രദമായി. കൂടാതെ അർപ്പണ മനോഭാവത്തോടുകൂടി പ്രവർത്തിക്കുന്ന വിദ്യാലയ വികസന സമിതി അംഗങ്ങളും കുട്ടികളുടെ പഠന കാര്യത്തിൽ താല്പര്യമുള്ള രക്ഷാകർത്താക്കളും ആത്മാർത്ഥതയോടെ പ്രവർത്തിക്കുന്ന അധ്യാപകരും വിദ്യാലയത്തിന്റെ വികസനത്തിന് അമൂല്യമായ സേവനങ്ങൾ നൽകുന്ന പൂർവ്വ വിദ്യാർത്ഥികളും ഈ വിദ്യാലയത്തിന്റെ മുതൽക്കൂട്ടാണ്.

ചുമതലകൾ 2025-26

| | |
|---|---|
| ജ്യോതി.എസ് | എച്ച്.എം, ഉച്ചഭക്ഷണം |
| നൗഷിഹ.എം.എ | സ്റ്റാഫ് സെക്രട്ടറി, ഉച്ചഭക്ഷണം, അറബിക്ലബ് |
| സുധ. എസ് | എസ്.ആർ.ജി കൺവീനർ, ശാസ്ത്രസമിതി<br>ഉറുദുക്ലബ് |
| ഷിജിന. എൻ.കെ | PSITC, ET club, സ്പോർട്സ്, ഗണിതക്ലബ് |
| ജ്യോതി.കെ.പി | ഇംഗ്ലീഷ് ക്ലബ്, ഹലോ ഇംഗ്ലീഷ് |
| പ്രമീന. കെ | ബുക്ക് സൊസൈറ്റി, JRC, cub WE, ഹെൽത്ത്ക്ല[illegible]<br>ശുചിത്വ ക്ലബ് |
| ശരണ്യ. എം | ലൈബ്രറി, ഹിന്ദി ക്ലബ്, വിദ്യാരംഗം |

# ലക്ഷ്യങ്ങൾ

- ഓരോകുട്ടിയും ക്ലാസ് കഴിയുമ്പോഴേക്കും അക്ഷരവും ചിഹ്നവും ഉറപ്പിക്കുന്നു.
- ഓരോ കുട്ടിയെയും എഴുതാനും വായിക്കാനും പ്രാപ്തരാക്കുന്നു.
- ഇംഗ്ലീഷ് ഭാഷയോടുള്ള താൽപര്യം ഉണർത്തുന്ന നിനാവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.
- നിത്യജീവിതവുമായി ബന്ധപ്പെട്ട ഗണിതക്രിയകൾ അനായാസം കൈകാര്യം ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കും.
- ശാസ്ത്രാഭിരുചി ഉണർത്തുന്ന നിനാവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
- ഭിന്നശേഷിക്കാരായ കുട്ടികളെയും മറ്റുകുട്ടികളോടൊപ്പം എത്തിക്കാൻ ശ്രമിക്കും.
- സർഗ്ഗാത്മകതെ പരിപോഷിപ്പിക്കാനുതകുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.

വിവിധ വായന, സാമഗ്രികൾ

ചിത്രകാർഡ്, പദകാർഡ്
ഇവ ഉപയോഗിച്ച് കുട്ടികളിൽ ആശയം എത്തിക്കുന്നു. അക്ഷരകാർഡുകൾ ഉപയോഗിച്ച് കഥാകാർഡുകളും വാക്യകാർഡുകളും ഉണ്ടാക്കുന്നു. ICT സാധ്യത പ്രയോജനപ്പെടുത്തി വായന മെച്ചപ്പെടുത്തുന്നു. ദിനപത്രവായന സാമഗ്രികളും പഠന പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ദിനപത്രവാരങ്ങളെ പരിഗണിക്കുന്നു. S.R.G. C.P.T.A ക്ലസ്റ്റർ എന്നീ പ്രോഗ്രാമുകളിൽ നിന്നും ഒരോ അധ്യാപികയും ആസൂത്രണം ചെയ്ത് കുട്ടികളുടെ മുന്നിലെത്തിക്കുന്നു. കൂടാതെ രക്ഷിതാക്കളെ ഉൾപ്പെടുത്തി ശില്പശാല സംഘടിപ്പിച്ച് കുട്ടികൾക്കാവശ്യമായ സാമഗ്രികൾ നൽകുന്നു.

പഠന പ്രവർത്തനം ഉൾപ്പെടുത്തൽ

കൂട്ടുകാരായി കഥകളും കവിതകളും ഉൾപ്പെടുത്തി പഠനം രസകരമാക്കുന്നു. ദിവസേന ഒരോ കഥ ICTയുടെ സഹായത്തോടെയും അല്ലാതെയും കേൾപ്പിക്കുന്നു. ഇംഗ്ലീഷ് ചോദ്യാവലികൾ നൽകുന്നു.

പരിമിതമായ യാത്രാ ചോദ്യങ്ങൾ നിറഞ്ഞ
വായി ചോദിച്ച് ആശയവിനിമയത്തിനും ഉ
ദ്ദീകരണത്തിനുമുള്ള സമയം മാറ്റാൻ ഇതി
ലൂടെ കഴിയും. ചെലവുകുറവാവുന്നതാണ്
ആശാ ബ്രിഡ്ജ്, സി.പി.ടി. എയിഡ്സ് ഞാവ
നടപ്പിലാക്കുന്നു. ക്ലാസ്സും പ്രവർത്തനത്തിന്റെ
ഭാഗമായി ഉൾപ്പെടുന്ന ഉല്പന്നങ്ങൾ ശേഖ
രിച്ച് ഒക്ടോബർ, മാർച്ച് മാസങ്ങളിൽ പ
തിപ്പിക്കി മാറുന്നു.

# വിഷയമേഖലകൾ

വിഷയം : മലയാളം

## മാതൃഭാഷാ പഠനപ്രശ്നങ്ങൾ

### അക്കാദമികം

1. അക്ഷരം ചിഹ്നങ്ങളും ഉറക്കാത്ത ചില കുട്ടികൾ ഉണ്ട്.
2. 3, 4 ക്ലാസുകളിലെ എല്ലാ കുട്ടികൾക്കും ഒഴുക്കോടെ വായിക്കാൻ കഴിയുന്നില്ല.

അശയഗ്രഹണത്തോടെ കാര്യങ്ങൾ നടക്കുന്നില്ല.

### ഭൗതികം

ഇടച്ചുമരിന്റെ അഭാവത്താലും പഠനപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്താൻ കഴിയുന്നില്ല.

### സാമൂഹികം

സാമൂഹിക പങ്കാളിത്തത്തിന്റെ കുറവ്.

### മേഖല അക്കാദമികം

പ്രശ്നം 1 - അക്ഷരങ്ങളും ചിഹ്നങ്ങളും ചില കുട്ടികൾക്ക് ഉറച്ചിട്ടില്ല.

| കാരണങ്ങൾ | പരിഹാരം | പദ്ധതി/പ്രവർത്തനം |
|---|---|---|
| **കുട്ടികൾ** | | |
| കുട്ടികളുടെ താല്പര്യക്കുറവ്<br>- ഉയർന്ന ക്ലാസുകളിൽ അടിസ്ഥാന ശേഷികൾ എല്ലാ കുട്ടികളും നേടിയിട്ടില്ല.<br>- കുട്ടികളുടെ താല്പര്യത്തിനനുസരിച്ചുള്ള പ്രവർത്തനങ്ങൾ ലഭിക്കുന്നില്ല. | 2-5 ക്ലാസിലെ കുട്ടികൾക്ക് പ്രീ-ടെസ്റ്റ് നടത്തി കുട്ടികളുടെ നിലവാരം കണ്ടെത്താം | പ്രീടെസ്റ്റ് |
| **അധ്യാപകർ** | | |
| എല്ലാ കുട്ടികളെയും പരിഗണിച്ച് ക്ലാസ് സമയബന്ധിതമായി കൊണ്ടുപോകാൻ കഴിയുന്നില്ല. | എല്ലാ കുട്ടികളെയും പരിഗണിക്കുന്ന തരത്തിലുള്ള ക്ലാസ്സും അനുരൂപണ | പ്രക്രിയാബന്ധിതവും ശിശുകേന്ദ്രീകൃതവും റെമെഡി ടി അധിഷ്ഠിതവുമായ അനുരൂപണ |
| **സംവിധാനം** | | |
| - സമയക്കുറവ്<br>- ഭിന്നനിലവാരക്കാരെ പരിഗണിക്കാതെയുള്ള മൂല്യനിർണ്ണയം | നിലവാരത്തിന്റെ ഭാരം കുറയ്ക്കുക. ഭിന്നതലത്തിലുള്ള ചോദ്യങ്ങൾ തയ്യാറാക്കുക. | ക്ലാസിൽ ഭിന്നതല പ്രവർത്തനങ്ങൾ കൊടുക്കൽ. |
| **രക്ഷിതാക്കൾ** | | |
| - എല്ലാ വീടുകളിലും പഠനാന്തരീക്ഷം ഒരുക്കുന്നില്ല<br>- എല്ലാ രക്ഷിതാക്കളും സ്കൂളുമായി നല്ല ബന്ധം പുലർത്തുന്നില്ല | രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസ്. സി.പി.ടി.എ കൃത്യമായി നടത്തുക. | സി.പി.ടി.എ |
| കാരണങ്ങൾ പരിഹാരം പദ്ധതി പ്രവർത്തനം | | |

പ്രശ്നം 2 - 3,4 ക്ലാസുകളിലെ എല്ലാ കുട്ടികൾക്കും ഒഴുക്കോടെ വായിക്കാൻ കഴിയുന്നില്ല. ആശയഗ്രഹണത്തോടെയുള്ള കാര്യങ്ങൾ നടക്കുന്നില്ല.

| | | |
|---|---|---|
| കുട്ടികൾ<br>- പഠനപിന്നോക്കാവസ്ഥ<br>- താല്പര്യക്കുറവ് | എല്ലാ കുട്ടികളുടെയും പഠനനിലവാരം ഉറപ്പുവരുത്തുക. | വിവിധ വായനാസാമഗ്രികൾ |
| അധ്യാപകർ<br>- എല്ലാ കുട്ടികളെയും ഒരുപോലെ ശ്രദ്ധിച്ച് വായിപ്പിക്കുവാൻ കഴിയുന്നില്ല.<br>- സൂക്ഷ്മനിരീക്ഷണത്തിന്റെ കുറവ് | ഭിന്നതല വായനാസാമഗ്രികൾ കണ്ടെത്തി കൊടുക്കുക | ഭിന്നതല വായനാസാമഗ്രികൾ |
| സംവിധാനം<br>- സിലബസിന്റെ ബാഹുല്യം<br>- സമയക്കുറവ് | സിലബസിന്റെ ബാഹുല്യം കുറയ്ക്കുക. | പഠന പ്രവർത്തനം ആസൂത്രണപ്പെടുത്തൽ |
| രക്ഷിതാക്കൾ<br>- കുട്ടിയുടെ വായനയിൽ രക്ഷിതാവിന്റെ താല്പര്യക്കുറവ്.<br>- രക്ഷിതാവിന്റെ വായനയില്ലായ്മ | രക്ഷിതാക്കൾക്ക് ബോധവൽക്കരണം. | അമ്മവായന |

പ്രശ്നം 2 - 3,4 ക്ലാസുകളിലെ എല്ലാ കുട്ടികൾക്കും ഒഴുക്കോടെ വായിക്കാൻ കഴിയുന്നില്ല. അനുഭവപ്രധാനങ്ങളോടെയുള്ള കാര്യങ്ങൾ നടക്കുന്നില്ല.

| | | |
|---|---|---|
| **കുട്ടികൾ**<br>- പഠനപിന്നോക്കാവസ്ഥ<br>- താല്പര്യക്കുറവ് | എല്ലാ കുട്ടികളെയും പഠനനിലവാരത്തിലേക്ക് വരുത്തുക. | വിവിധ വായനാസാമഗ്രികൾ |
| **അധ്യാപകർ**<br>- എല്ലാ കുട്ടികളെയും ഒരുപോലെ ശ്രദ്ധിച്ച് വായിപ്പിക്കുവാൻ കഴിയുന്നില്ല.<br>- സൂക്ഷ്മനിരീക്ഷണത്തിന്റെ കുറവ് | മികച്ച വായനാസാമഗ്രികൾ കണ്ടെത്തി കൊടുക്കുക | മികച്ച വായനാസാമഗ്രികൾ |
| **സംവിധാനം**<br>- സിലബസിന്റെ ബാഹുല്യം<br>- സമയക്കുറവ് | സിലബസിന്റെ ബാഹുല്യം കുറയ്ക്കുക. | പഠനപ്രവർത്തനം ചുരുക്കപ്പെടുത്തൽ |
| **രക്ഷിതാക്കൾ**<br>- കുട്ടിയുടെ വായനയിൽ രക്ഷിതാവിന്റെ താല്പര്യക്കുറവ്.<br>- രക്ഷിതാവിന്റെ വായനയില്ലായ്മ | രക്ഷിതാക്കൾക്ക് ബോധവൽക്കരണം. | അമ്മവായന |

| കാരണങ്ങൾ | പരിഹാരം | പദ്ധതി പ്രവർത്തനം. |
| --- | --- | --- |
| കുട്ടികൾ പഠന പിന്നോക്കാവസ്ഥ താല്പര്യക്കുറവ് | എല്ലാ കുട്ടികൾക്കും പഠനനേട്ടങ്ങൾ ഉറപ്പുവരുത്തുക. | പ്രീടെസ്റ്റ്. |
| അധ്യാപകർ എല്ലാ കുട്ടികളുടെയും പ്രതികരണം ഒരുപോലെ ശ്രദ്ധിക്കുവാൻ കഴിയുന്നില്ല. | കുട്ടികളിലൂടെയും ICTയിലൂടെയുമുള്ള പഠനം എല്ലാവർക്കും അവസരം നൽകുക. | വിവിധവ്യവഹാര സാമഗ്രികൾ കളികളും KTയും പഠനപ്രവർത്തനവുമായി ബന്ധിപ്പിച്ചുള്ള പ്രവർത്തനം. |

## വിഷയം - അടിസ്ഥാന ഗണിതം

ഗണിത പഠന പ്രശ്നങ്ങൾ

അക്കാദമികം

1. നിത്യ ജീവിതവുമായി ബന്ധപ്പെട്ട ഗണിത ക്രിയകൾ അനായാസം കൈകാര്യം ചെയ്യാൻ എല്ലാ കുട്ടികൾക്കും കഴിയുന്നില്ല.

ഭൗതിക പ്രശ്നം

1. ക്ലാസ്സ് മുറികളുടെ സൗകര്യം ഗണിതാശയങ്ങൾക്ക് ഉതകുന്ന തരത്തിലല്ല ഉപയോഗിക്കുന്നത്.

2. ഗണിത ലാബിന്റെ അഭാവം

സാമൂഹികം

1. സമൂഹത്തിലെ ഗണിത വൈദഗ്ദ്ധ്യം ഫലപ്രദമായി സ്കൂളിൽ ഉൾപ്പെടുത്താൻ കഴിയുന്നില്ല.

പ്രശ്ന വിശകലനം

പ്രശ്നം - 1

നിത്യ ജീവിതവുമായി ബന്ധപ്പെട്ട ഗണിതക്രിയകൾ അനായാസം കൈകാര്യം ചെയ്യാൻ എല്ലാ കുട്ടികൾക്കും കഴിയുകയില്ല.

| കാരണം | പരിഹാര നിർദ്ദേശം | പ്രവർത്തനങ്ങൾ |
|---|---|---|
| കുട്ടികൾ<br>സ്വയം വായിച്ച് ഉത്തരത്തിലെത്താൻ ഏത് രീതിയിലൂടെ പോകണമെന്ന് കുട്ടികൾക്ക് കണ്ടെത്താൻ കഴിയുന്നില്ല.<br>മുൻ ക്ലാസുകളിൽ ആർജ്ജിക്കേണ്ട ശേഷികൾ എല്ലാ കുട്ടികളും നേടിയിട്ടില്ല.<br>കുട്ടികളുടെ താത്പര്യത്തിനനുസരിച്ചുള്ള പ്രവർത്തനങ്ങൾ കിട്ടുന്നില്ല. | പ്രീടെസ്റ്റ് നടത്തി കുട്ടികളുടെ നില നിർണ്ണയിക്കും. | പ്രീടെസ്റ്റ് |
| അധ്യാപകർ<br>എല്ലാ കുട്ടികളെയും താത്പര്യപ്പെടുത്തിക്കൊണ്ട് ക്ലാസ്സ് മുന്നോട്ട് കൊണ്ട് പോകാൻ കഴിയുന്നില്ല | ഗണിത ലാബ്<br>ഗണിത കിറ്റ്<br>സജ്ജീകരിക്കുക | ഗണിത ലാബ്<br>ഗണിത കിറ്റ് |
| രക്ഷിതാക്കൾ<br>രക്ഷിതാവിന് ഗണിതത്തിന് വേണ്ടത്ര അറിവില്ല.<br>രക്ഷിതാക്കൾ സ്കൂളുമായി ബന്ധപ്പെടുന്നില്ല. | രക്ഷിതാക്കൾക്ക് ബോധവത്കരണം നടത്തുന്നു. സിപിടിഎ നിരന്തരം നടത്തുന്നു | ബോധവത്കരണ ക്ലാസ്സ്<br>സിപിടിഎ |
| സംവിധാനം<br>പ്രവർത്തനങ്ങളുടെ ബാഹുല്യം<br>ഐസിടി സാധ്യത ഉപയോഗിക്കാൻ കഴിയുന്നില്ല | ക്ലാസ് മുറികളിൽ ഐസിടി സാധ്യത ഉപയോഗിക്കുക | കംപ്യൂട്ടർ ശേഖരണം. |

# പരിഹാര പ്രവർത്തന വിശദാംശങ്ങൾ

## പ്രീടെസ്റ്റ്

സ്കൂൾ തുറന്നതിന്റെ ആദ്യവാരം തന്നെ കുട്ടികളുടെ നിലവാരം മനസ്സിലാക്കാൻ പ്രീടെസ്റ്റ് നടത്തുന്നു. അക്ഷരം തിരിയാത്തവർക്ക് അക്ഷരങ്ങളോടുകൂടിയ ചിത്ര കാർഡുകൾ നൽകി അക്ഷരം ഉറപ്പിക്കുന്നു. ശേഷം CPTA വിളിച്ചു ചേർത്ത് കുട്ടികളുടെ പഠന നിലവാരങ്ങളും പരിഹാര പ്രവർത്തനങ്ങളും ചർച്ച ചെയ്യുന്നു. നിശ്ചിത കാലത്തേക്കുള്ള പ്രവർത്തന മൊഡ്യൂളുകൾ തയ്യാറാക്കി- പഠനപ്രവർത്തനങ്ങളും ചർച്ച ചെയ്യുന്നു. നിശ്ചിത കാലത്തേക്കുള്ള പ്രവർത്തന മൊഡ്യൂളുകൾ തയ്യാറാക്കി പഠന പ്രവർത്തനങ്ങൾ കൊടുക്കുന്നു. ഇതുമായി ബന്ധപ്പെട്ട് രക്ഷിതാക്കളുമായി നിരന്തരം ബന്ധപ്പെടുന്നു. രണ്ടാഴ്ചയ്ക്കുശേഷം പ്രീടെസ്റ്റിന്റെ റീടെസ്റ്റ് ടൂൾ ഉപയോഗിച്ച് മൂല്യനിർണ്ണയം വീണ്ടും നടത്തുന്നു. ക്ലാസ് മുറികളിൽ ലഘുവായ ചോദ്യങ്ങൾ ചോദിച്ച് എല്ലാകുട്ടികളുടെ പ്രതികരണവും ഉറപ്പുവരുത്തുന്നു. ICT സാധ്യതകൾ ഉൾക്കൊള്ളിച്ച് കൂടുതൽ നിത്യജീവിതത്തിൽ ലളിതമായി ഉപയോഗിക്കേണ്ടുന്നവ. സംഭാഷണങ്ങളും